GAZETTE DATE : 31/12/2024
LAST DATE :29/01/2025

# CATEGORY NO. 682/2024-692/2024

# FIRST NCA NOTIFICATION

Applications are invited online only from qualified candidates belonging to **Ezhava/Thiyya/Billava, Scheduled Caste, Scheduled Tribe, Muslim, LC/AI, Other Backward Communities, Viswakarma, SIUC Nadar, Scheduled Caste Converted to Christianity, Dheevara and Hindu Nadar** Communities of Kerala State for selection to the undermentioned post in Kerala Government Service. Application must be submitted online through the Official website of the Kerala Public Service Commission after One Time Registration. Candidates who have already registered can apply through their profile.

1. **Department** : **Health Services**
2. **Name of Post** : **Junior Public Health Nurse Gr II**
3. **Scale of pay** : **₹ 31,100-66,800/-**
4. **No. of vacancies** : **District – wise**

| Cat. No. | Community | District | Vacancy |
|---|---|---|---|
| 682/24 | E/T/B | Idukki | 03 |
| | | Kasaragod | 02 |
| 683/24 | SC | Kasaragod | 02 |
| 684/24 | ST | Idukki | 01 |
| 685/24 | Muslim | Kottayam | 05 |
| | | Idukki | 10 |
| | | Thrissur | 14 |
| | | Palakkad | 06 |
| | | Malappuram | 07 |
| | | Wayanad | 02 |
| 686/24 | LC/AI | Idukki | 03 |
| | | Kozhikode | 03 |
| | | Wayanad | 01 |
| | | Kasaragod | 03 |
| 687/24 | OBC | Idukki | 02 |
| | | Ernakulam | 02 |
| | | Wayanad | 01 |
| | | Kasaragod | 01 |
| 688/24 | Viswakarma | Alappuzha | 02 |
| | | Idukki | 02 |
| | | Thrissur | 01 |
| | | Palakkad | 02 |
| | | Malappuram | 03 |

| | | | |
|---|---|---|---|
| | | **Kozhikode** | **01** |
| | | **Wayanad** | **02** |
| | | **Kannur** | **03** |
| **689/24** | **SIUC Nadar** | **Idukki** | **01** |
| | | **Kozhikode** | **01** |
| **690/24** | **SCCC** | **Kozhikode** | **01** |
| **691/24** | **Dheevara** | **Thiruvananth apuam** | **01** |
| | | **Alappuzha** | **01** |
| | | **Malappuram** | **01** |
| | | **Kannur** | **01** |
| **692/24** | **Hindu Nadar** | **Kollam** | **01** |
| | | **Idukki** | **01** |
| | | **Palakkad** | **01** |
| | | **Kozhikode** | **01** |
| | | **Kannur** | **01** |
| | | **Kasaragod** | **01** |

**NOTE:**

(i). The above vacancies are now in existence. Separate Ranked Lists will be prepared for the above districts for the above communities in pursuance of this notification. NCA Ranked Lists thus prepared and published by the Commission, shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to paucity of candidates during the currency of the mother ranked list published for the post in the following districts.

| Name of District | Date of publication of Ranked List | Category Number |
|---|---|---|
| Thiruvananthapuram | 15/07/2023 | 527/2019 |
| Kollam | 15/07/2023 | 527/2019 |
| Alappuzha | 10/07/2023 | 527/2019 |
| Kottayam | 11/07/2023 | 527/2019 |
| Idukki | 11/07/2023 | 527/2019 |
| Ernakulam | 11/07/2023 | 527/2019 |
| Thrissur | 11/07/2023 | 527/2019 |
| Palakkad | 11/07/2023 | 527/2019 |
| Malappuram | 22/07/2023 | 527/2019 |
| Kozhikode | 15/07/2023 | 527/2019 |
| Wayanad | 26/06/2023 | 527/2019 |
| Kannur | 22/07/2023 | 527/2019 |
| Kasaragod | 07/07/2023 | 527/2019 |

(ii). The candidates belonging to above reservation communities i.e, Ezhava/Thiyya/Billava, Scheduled Caste, Scheduled Tribe, Muslim, LC/AI, Other Backward Communities, Viswakarma, SIUC Nadar, Scheduled Caste Converted to Christianity, Dheevara and Hindu Nadar shall submit application for the post to the above district where the vacancy is existing for the community and shall note the name of that district against the relevant column of the online application.

(iii). The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in GO (Ms.) No.154/71/PD dated 27/05/1971. A candidate advised for appointment in one revenue District from the Ranked List prepared is not eligible for transfer to another District unless he/she completes five years continuous service from the date of commencement of service in the former District. Even if transfer is allowed after five years, it will be subject to the rules in G.O. (Ms.) No.4/61/PD dated 02.01.1961. Candidates already in Government service holding the same post in any one district are prohibited from applying again for this post, but they can apply to higher/lower posts when notified.

5. **Method of appointment** : Direct Recruitment (From candidates belonging to Ezhava/Thiyya/Billava, Scheduled Caste, Scheduled Tribe, Muslim, LC/AI, Other Backward Communities, Viswakarma, SIUC Nadar, Scheduled Caste Converted to Christianity, Dheevara and Hindu Nadar Communities of Kerala State only)

Note :- Applications submitted by candidates belonging to the community other than those belonging to the above mentioned communities will be summarily rejected. No individual rejection memo will be issued to such candidates.

6. **Age Limit** : (i).**18-44**, ie, Candidates belonging to Ezhava/Thiyya/Billava, Scheduled Caste, Scheduled Tribe, Muslim, LC/AI, Other Backward Communities, Viswakarma, SIUC Nadar, Scheduled Caste Converted to Christianity, Dheevara and Hindu Nadar Communities born between 02.01.1980 and 01.01.2006 (both dates included) are only eligible to apply for this post. (Including the relaxation as per Para 2(i) of the General Conditions)

**Note :-** (i) In the case of candidates belonging to Adult members of Scheduled Caste and their children when such adult members are converted to Christianity the upper age limit will be **46** years, i.e, such candidates should be born between 02.01.1978 and 01.01.2006 (both dates included) (including relaxation as per para 2(i) of the General Conditions)

(ii) In the Case of Candidates belonging to Scheduled Caste and Scheduled Tribe the age limit will be **18-46** i.e., such candidates should be born between 02.01.1978 and 01.01.2006 (both dates included). (Including the relaxation as per Para 2(i) of the General Conditions)

(iii) For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 (fifty) years, Please see Para (2) of the General Condition under Part II of this notification [except para 2(i)].

7. **Qualifications** :-

(i). General :- S.S.L.C.

(ii). Technical :- Auxiliary Nurse Midwifery Certificate (Revised Course of 18 months duration) issued by the Kerala Nurses and Midwives Council.

OR

Auxiliary Nurse Midwifery Certificate/Auxiliary Nurse Midwifery Certificate (Revised Course) issued by an authority recognized by the Indian Nursing Council

OR

Health Workers Training Certificate issued by the Kerala Nurses and Midwives Council.

(iii). Registration with the Kerala Nurses and Midwives Council.

**(Link)**
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALNET / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT/ HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION

**Note :-**

1. In the case of candidates belonging to Scheduled Tribe the general educational qualification will be relaxed as a pass in Standard VIII shall be sufficient subject to the condition that the relaxation will be allowed only in the absence of fully qualified Scheduled Tribe candidates and to the extent necessary for filling up the quota reserved for Scheduled Tribe candidates alone.

2. In the case of candidates belonging to Scheduled Caste and Other Backward Classes, the general educational qualification will be relaxed as "Completed SSLC Course", Subject to the condition that this relaxation will be allowed only to the extent necessary to fill up the quota reserved for Scheduled Caste and Other Backward Classes in the absence of fully qualified candidates in the Scheduled Caste and Other Backward Classes respectively.

3. Rule 10 (a) (ii) of KS&SSR Part II is applicable.

4. In addition to the qualifications prescribed in this notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

**8. Method of submitting applications**:-

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the **Notification Link** to apply for the post. Name of the candidate and the date of taking photograph should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking photograph. **Those candidates who are creating a new profile should upload a photograph taken within a period of six months.** There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application, candidates must ensure correctness of the information on their profile. They must quote the User-ID for further communication with the Commission. Application once submitted is received as provisional and the details cannot be deleted or altered after submission. Candidates are advised to keep printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link **'My Applications'** in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application. The application submitted not in accordance with the conditions stipulated in

the notification will be summarily rejected in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the Kerala Public Service Commission on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**(b)** If Written Test/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**(c) Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

9. **Last date of receipt of applications** :.**29.01.2025 Wednesday** upto 12 midnight.

10. **Website to which applications are to be submitted:- www.keralapsc.gov.in**

11. **Special Instructions to Candidates**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book the candidate shall produce a gazette notification in this regard, along with Non-creamy Layer certificate/Community certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure, 1976 shall be initiated against those candidates whose submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(Candidates must see the General Conditions in Part II of the gazette notification for instructions regarding Photo, Identity Proof etc.)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 682/2024– 692/2024

## ഒന്നാം എൻ.സി.എ. വിജ്ഞാപനം

ചുവടെ ചേർക്കുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **ഈഴവ/തിയ്യ/ബില്ലവ, പട്ടിക ജാതി, പട്ടികവർഗം, മുസ്ലീം, എൽ.സി./ആംഗ്ലോ ഇൻഡ്യൻ, മറ്റ പിന്നാക്ക സമുദായം, വിശ്വകർമ, എസ്.ഐ.യു.സി.നാടാർ, ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികജാതി, ധീവര, ഹിന്ദു നാടാർ** എന്നീ സമുദായങ്ങളിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമായി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. **വകുപ്പ്** : **ആരോഗ്യം**
2. **ഉദ്യോഗപ്പേര്** : **ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ഗ്രേഡ് II**
3. **ശമ്പളം** : **₹31,100-66,800/-**
4. **ഒഴിവുകളുടെ എണ്ണം** : **<u>ജില്ലാടിസ്ഥാനത്തിൽ</u>**

| കാറ്റഗറി നമ്പർ | സമുദായം | ജില്ലകൾ | ഒഴിവുകൾ |
|---|---|---|---|
| 682/2024 | ഈഴവ/തിയ്യ/ബില്ലവ | ഇടുക്കി | 03 |
| | | കാസറഗോഡ് | 02 |
| 683/2024 | പട്ടികജാതി | കാസറഗോഡ് | 02 |
| 684/2024 | പട്ടികവർഗം | ഇടുക്കി | 01 |
| 685/2024 | മുസ്ലീം | കോട്ടയം | 05 |
| | | ഇടുക്കി | 10 |
| | | തൃശ്ശൂർ | 14 |
| | | പാലക്കാട് | 06 |
| | | മലപ്പുറം | 07 |
| | | വയനാട് | 02 |
| 686/2024 | എൽ.സി./എ.ഐ. | ഇടുക്കി | 03 |
| | | കോഴിക്കോട് | 03 |
| | | വയനാട് | 01 |
| | | കാസറഗോഡ് | 03 |
| 687/2024 | മറ്റ പിന്നാക്ക വിഭാഗങ്ങൾ | ഇടുക്കി | 02 |
| | | എറണാകുളം | 02 |
| | | വയനാട് | 01 |
| | | കാസറഗോഡ് | 01 |
| 688/2024 | വിശ്വകർമ്മ | ആലപ്പുഴ | 02 |
| | | ഇടുക്കി | 02 |
| | | തൃശ്ശൂർ | 01 |
| | | പാലക്കാട് | 02 |

| | | | |
|---|---|---|---|
| | | മലപ്പുറം | 03 |
| | | കോഴിക്കോട് | 01 |
| | | വയനാട് | 02 |
| | | കണ്ണൂർ | 03 |
| 689/2024 | എസ്.ഐ.യു.സി. നാടാർ | ഇടുക്കി | 01 |
| | | കോഴിക്കോട് | 01 |
| 690/2024 | എസ്.സി.സി.സി. | കോഴിക്കോട് | 01 |
| 691/2024 | ധീവര | തിരുവനന്തപുര ം | 01 |
| | | ആലപ്പുഴ | 01 |
| | | മലപ്പുറം | 01 |
| | | കണ്ണൂർ | 01 |
| 692/2024 | ഹിന്ദു നാടാർ | കൊല്ലം | 01 |
| | | ഇടുക്കി | 01 |
| | | പാലക്കാട് | 01 |
| | | കോഴിക്കോട് | 01 |
| | | കണ്ണൂർ | 01 |
| | | കാസറഗോഡ് | 01 |

**കുറിപ്പ്** :-

(I). മുകളിൽ ചേർത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മുകളിൽ പരാമർശിച്ചിട്ടുള്ള ജില്ലകളിലേയ്ക്ക് മേൽപറഞ്ഞ സമുദായങ്ങൾക്കായി പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസ്തുത ജില്ലകൾക്ക വേണ്ടി പ്രസിദ്ധീകരിച്ച മാതൃ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 15/07/2023 | 527/2019 |
| കൊല്ലം | 15/07/2023 | 527/2019 |
| ആലപ്പുഴ | 10/07/2023 | 527/2019 |
| കോട്ടയം | 11/07/2023 | 527/2019 |
| ഇടുക്കി | 11/07/2023 | 527/2019 |
| എറണാകുളം | 11/07/2023 | 527/2019 |
| തൃശ്ശൂർ | 11/07/2023 | 527/2019 |
| പാലക്കാട് | 11/07/2023 | 527/2019 |
| മലപ്പുറം | 22/07/2023 | 527/2019 |
| കോഴിക്കോട് | 15/07/2023 | 527/2019 |

| | | |
|---|---|---|
| വയനാട് | 26/06/2023 | 527/2019 |
| കണ്ണൂർ | 22/07/2023 | 527/2019 |
| കാസറഗോഡ് | 07/07/2023 | 527/2019 |

(ii). ഈ വിജ്ഞാപനപ്രകാരം മേൽ ചേർത്തിട്ടുള്ള ഈഴവ/തിയ്യ/ബില്ലവ, പട്ടിക ജാതി, പട്ടികവർഗം, മുസ്ലീം, എൽ.സി./ആംഗ്ലോ ഇൻഡ്യൻ, മറ്റ പിന്നാക്ക വിഭാഗം, വിശ്വകർമ, എസ്.ഐ.യു.സി.നാടാർ, ക്രിസ്തു മതത്തിലേയ്ക്ക പരിവർത്തനം ചെയ്ത പട്ടികജാതി, ധീവര, ഹിന്ദു നാടാർ എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii). ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PD-യിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 4/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന/താഴ്ന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ഈഴവ/തിയ്യ/ബില്ലവ, പട്ടിക ജാതി, പട്ടികവർഗം, മുസ്ലീം, എൽ.സി./ആംഗ്ലോ ഇൻഡ്യൻ, മറ്റ പിന്നാക്ക വിഭാഗം, വിശ്വകർമ, എസ്.ഐ.യു.സി.നാടാർ, ക്രിസ്തു മതത്തിലേയ്ക്ക പരിവർത്തനം ചെയ്ത പട്ടികജാതി, ധീവര, ഹിന്ദു നാടാർ എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:-** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ഇത്തരത്തിൽ അപേക്ഷ നിരസിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകമായി നിരസന അറിയിപ്പ് അയക്കുന്നതല്ല.

6. **പ്രായപരിധി** : **18-44**, ഈഴവ/തിയ്യ/ബില്ലവ, പട്ടിക ജാതി, പട്ടികവർഗം, മുസ്ലീം, എൽ.സി./ആംഗ്ലോ ഇൻഡ്യൻ, മറ്റ പിന്നാക്ക വിഭാഗം, വിശ്വകർമ, എസ്.ഐ.യു.സി.നാടാർ, ക്രിസ്തു മതത്തിലേയ്ക്ക പരിവർത്തനം ചെയ്ത പട്ടികജാതി, ധീവര, ഹിന്ദു നാടാർ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2006 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :-**

(i) പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 46 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1978 നും 01.01.2006 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

(ii) പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് മേൽ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി **18-46** ആണ്. പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.2006 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

(iii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ).

7. **യോഗ്യതകൾ** :-

(I)**ജനറൽ** :- എസ്.എസ്.എൽ.സി.

(ii) **ടെക്നിക്കൽ** :- കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് / ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

(iii) കേരള നഴ്സസ് ആൻഡ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**(Link)**

EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALNET / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT/ HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION
EQUIVALENT / HIGHER QUALIFICATION

**കുറിപ്പ്:-**

1. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ മേൽപ്പറഞ്ഞ ജനറൽ യോഗ്യത നേടിയവരുടെ അഭാവത്തിൽ ടി യോഗ്യത, എട്ടാം ക്ലാസ് പാസായിരിക്കണം എന്ന് ഇളവ് ചെയ്ത് കൊടുക്കുന്നതാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നീക്കി വച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിനും നിശ്ചിതയോഗ്യത നേടിയ പൂർണ്ണ യോഗ്യരായ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

2. പട്ടികജാതി, മറ്റു പിന്നോക്കവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ മേൽപ്പറഞ്ഞ ജനറൽ യോഗ്യത നേടിയവരുടെ അഭാവത്തിൽ ടി യോഗ്യത, "പൂർത്തിയായ എസ്.എസ്.എൽ.സി. കോഴ്സ്" എന്ന് ഇളവ് ചെയ്ത് കൊടുക്കുന്നതാണ്. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നീക്കി വച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിനും നിശ്ചിതയോഗ്യത നേടിയ പൂർണ്ണ യോഗ്യരായ പട്ടികജാതി, മറ്റു പിന്നോക്കവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

3. ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10(a)(ii) ബാധകമാണ്.

4. ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ വിശേഷാൽചട്ടങ്ങളിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്.തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8. അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി **'ഒറ്റത്തവണ രജിസ്ട്രേഷൻ'** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന **Notification Link**-ലെ **Apply**

**Now** –ൽ മാത്രം click ചെയ്യേണ്ടതാണ്. പ്രൊഫൈലിൽ upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോയാണ് പ്രൊഫൈലിൽ upload ചെയ്യേണ്ടത്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നുംതന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ **'My applications'** എന്ന Link–ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ്, അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി എന്നിവ സംബന്ധിച്ച പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**(സി)** **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9.** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **29.01.2025** ബുധനാഴ്ച രാത്രി 12 മണി വരെ.

**10.** **അപേക്ഷകൾ സമർപ്പിക്കേണ്ട വെബ് സൈറ്റ് വിലാസം : www.keralapsc.gov.in**

**11.** **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ

എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

( ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും നോക്കുക).

സാജു ജോർജ്ജ്

സെക്രട്ടറി

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**